കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 19 | ജൂൺ 15 2025

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


അകത്താളുകളിൽ


2 ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതി: സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു

5 പരിസ്ഥിതി ശാസ്ത്ര കോളേജിലെ വിദ്യാർത്ഥികൾ ബീച്ച് ക്ലീനിംഗ് പരിപാടി സംഘടിപ്പിച്ചു

6 പെരുമ്പളത്തിന് കേരഗ്രാമം അനുവദിക്കും: കൃഷിമന്ത്രി പി പ്രസാദ്


## പരിസ്ഥിതി ദിനം നമ്മുടെ ജീവിതത്തിന്റെ ദിനം: കൃഷി വകുപ്പിന്റെ പരിസ്ഥിതിദിനാഘോഷ പരിപാടികൾ കൃഷി മന്ത്രി ഉദ്ഘാടനം ചെയ്തു

പരിസ്ഥിതി ദിനം കേവലം ചില ദിനാചരണങ്ങളിൽ ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല എന്നും പരിസ്ഥിതി ദിനം നമ്മുടെയൊക്കെ ജീവിതത്തിന്റെ ദിനമായി കണക്കാക്കണമെന്നും കൃഷി മന്ത്രി ശ്രീ. പി പ്രസാദ്. കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തുടനീളം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെയും തിരഞ്ഞെടുത്ത സ്കൂളുകളിൽ ഫല വൃക്ഷ തൈകൾ നടുന്ന പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം സെക്രട്ടറിയേറ്റിലെ ദർബാർ ഹാളിൽ നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. ആഗോളതലത്തിൽ പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ പ്രതിരോധം തീർക്കുന്നത് ലക്ഷ്യം വെച്ച് യുണൈറ്റഡ് നേഷൻസ് എൻവിയോൺമെന്റ് പ്രോഗ്രാം (UNEP) മുന്നോട്ടുവെച്ച Beat plastic pollution എന്ന ആഹ്വാനം ഉൾക്കൊണ്ടുകൊണ്ടാണ് ഇത്തവണത്തെ പരിസ്ഥിതി ദിന പരിപാടികൾ നടത്തപ്പെടുന്നത്. പരിസ്ഥിതി ദിനം ജീവിതത്തിന്റെ അങ്ങോളമിങ്ങോളം നമ്മുടെ നിലനിൽപ്പിന് വേണ്ടി അനുദിനം അനുവർത്തിക്കേണ്ട ചില ചിട്ടകളുടെയും തീരുമാനങ്ങളുടെയും ഒക്കെ ഓർമ്മപ്പെടുത്തലിന്റെ ദിനമാകണം. പ്രകൃതിയുടെ ആരോഗ്യം സംരക്ഷിക്കപ്പെടാത്തിടത്തോളം നമ്മുടെയും ആരോഗ്യം സംരക്ഷിക്കപ്പെടുകയില്ല അത്രമേൽ നാഭീനാള ബന്ധമാണ്




ചീഫ് എഡിറ്റർ - സിന്ധു കെ.എസ്.
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - മനു കെ.ജി.
അസിസ്റ്റൻറ് എഡിറ്റർ - സുജിത്ത് എസ്.എസ്.

ഓരോ ജീവജാലത്തിനും പ്രകൃതിയുമായുള്ളതെന്നും മന്ത്രി പറഞ്ഞു. പ്രകൃതി നശിപ്പിക്കപ്പെടുമ്പോൾ നമ്മുടെ തന്നെ ജീവിതമാണ് നശിപ്പിക്കപ്പെടുന്നത് എന്ന് നമ്മൾ ഓർക്കണം. പരിസ്ഥിതി സംരക്ഷണത്തോടൊപ്പം ആരോഗ്യകരമായ ജീവിതവും ലക്ഷ്യം വച്ച് കൃഷിവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയായ ഫ്രൂട്ട് ക്ലസ്റ്ററുകളുടെ രൂപീകരണത്തിലൂടെ കേരളത്തിൽ 1670 ഹെക്ടറിൽ പഴവർഗങ്ങളുടെ കൃഷി വ്യാപനത്തിന് തുടക്കം കുറിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. കർഷകരുടെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുന്ന തരത്തിലാണ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്. ചെറുപ്പക്കാരെയും വനിതാ കർഷകരെയും പദ്ധതിയുടെ ഭാഗമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. കേരളത്തിന്റെ പരിസ്ഥിതിക്കും കാലാവസ്ഥക്കും അനുയോജ്യമായ ഫലവർഗ്ഗ കൃഷികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെ വിദേശ നാണ്യം കർഷകരിലേക്ക് എത്തിക്കുന്നതിന് നമുക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു.



എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെയും തിരഞ്ഞെടുത്ത സ്കൂളുകളിൽ ഫലവൃക്ഷത്തൈ നടുന്ന കൃഷിവകുപ്പ് പദ്ധതി ഉദ്ഘടനത്തിന്റെ പ്രതീകാത്മകമായി സെന്റ് മേരീസ് സ്കൂൾ വിദ്യാർത്ഥികൾക്ക് മന്ത്രി തൈകൾ വിതരണം ചെയ്തു. തുടർന്ന് കൃഷി വകുപ്പ് പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം സെക്രട്ടേറിയറ്റ് അങ്കണത്തിൽ ഹൈബ്രിഡ് പേരത്തൈ നട്ടുകൊണ്ട് കൃഷി മന്ത്രി നിർവ്വഹിച്ചു. ആന്റണി രാജു എം.എൽ.എ. അധ്യക്ഷത വഹിച്ച ചടങ്ങിൽ കാർഷികോല്പാദന കമ്മീഷണർ ഡോ. ബി. അശോക് ഐ.എ.എസ്. സ്വാഗതവും ചീഫ് സെക്രട്ടറി എ. ജയതിലക് ഐ.എ.എസ്. ആശംസയും അർപ്പിച്ചു. കൃഷി ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ നന്ദി പറഞ്ഞ ചടങ്ങിൽ കർഷക പ്രതിനിധികളും കൃഷി വകുപ്പ് ഉദ്യോഗസ്ഥരും സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

# ഓണത്തിനൊരുമുറം പച്ചക്കറി പദ്ധതി: സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, ഓണക്കാലത്ത് സുരക്ഷിത പച്ചക്കറി ഉൽപാദനം നമ്മുടെ വീട്ടുവളപ്പിൽ ഉറപ്പാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ കൃഷിവകുപ്പ് നടപ്പിലാക്കുന്ന ഓണത്തിനൊരു മുറം പച്ചക്കറി പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടേറിയേറ്റ് അങ്കണത്തിൽ വഴുതിന തൈ നട്ടു കൊണ്ട് നിർവഹിച്ചു. കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് അധ്യക്ഷനായ ചടങ്ങിൽ മന്ത്രിമാരായ കെഎൻ ബാലഗോപാൽ, കെ രാജൻ, എ കെ ശശീന്ദ്രൻ ചീഫ് സെക്രട്ടറി എ ജയതിലക് ഐ.എ.എസ്, കാർഷികോൽപാദന കമ്മീഷണർ ഡോ. ബി അശോക് ഐ.എ.എസ് കൃഷി വകുപ്പ് ഡയറക്ടർ ഡോ. ശ്രീറാം വെങ്കിട്ടരാമൻ, കൃഷി വകുപ്പ്, സെക്രട്ടേറിയേറ്റ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഓണക്കാലത്ത് പച്ചക്കറി വിപണിയിൽ ഉണ്ടായേക്കാവുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനും വിപണികളിൽ പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് കൃഷിവകുപ്പ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. കൃഷിവകുപ്പിന്റെ സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം പരിപാടിയുടെ ഭാഗമായാണ് സംസ്ഥാന വ്യാപകമായി പദ്ധതി നടപ്പിലാക്കുന്നത്.

സാധ്യമായ ഇടങ്ങളിലെല്ലാം പച്ചക്കറി കൃഷി വ്യാപിപ്പിച്ചുകൊണ്ട് മുൻവർഷങ്ങളിലെ പോലെ തന്നെ ഇത്തവണയും വിഷരഹിത പച്ചക്കറി ഉൽപാദനം സാധ്യമാക്കുന്നതിനാണ് കൃഷിവകുപ്പ് ശ്രമിക്കുന്നതെന്ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. കാലാവസ്ഥ വ്യതിയാനം സാരമായി ബാധിച്ചില്ലെങ്കിൽ മികച്ച രീതിയിൽ പച്ചക്കറി വിളവെടുക്കാൻ വരുന്ന ഓണക്കാലത്ത് നമുക്ക് കഴിയും മന്ത്രി കൂട്ടിച്ചേർത്തു. ജൈവ കാർഷിക മിഷൻ, സബ്മിഷൻ ഓൺ നാച്ചുറൽ ഫാർമിങ് എന്നീ പദ്ധതികളിലൂടെ കൂടുതൽ പ്രവർത്തനങ്ങൾ വരും ദിവസങ്ങളിൽ വകുപ്പ് ചെയ്യും എന്നും മന്ത്രി പറഞ്ഞു. നാച്ചുറൽ ഫാമിംഗ് രീതികൾ കേരളത്തിൽ പ്രാവർത്തികമാക്കുന്നതിന്റെ പ്രാരംഭ നടപടിയായി ആന്ധ്രാ പ്രദേശുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുമെന്നും മന്ത്രി അറിയിച്ചു. ഓണതോണൊരുമുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി സെക്രട്ടറിയേറ്റ് അങ്കണത്തിൽ നടന്ന ചടങ്ങിൽ പച്ചക്കറി ഇനങ്ങളായ





കത്തിരി, വഴുതന, തക്കാളി, വെണ്ട, മുളക് എന്നീ തൈകളാണ് നട്ടത്.

### സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം – പദ്ധതി വിശദാംശങ്ങൾ

കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബ ശ്രീ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘ ടനകൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാ ഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയിൽ 2025-26 സാമ്പത്തിക വർഷം വിവിധ പ്രവർത്തനങ്ങൾക്കായി 6045.00 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി ഒരു ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, ഒരു കോടി സങ്കരയിനം പച്ചക്കറി തൈകളും പൂർണ്ണമായും സൗജന്യമായി കർഷകർക്ക് വിതരണം ചെയ്യും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനത്തിനായി 4 മുതൽ 5 വരെ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, വിവിധ മാധ്യമങ്ങൾ മുഖേന 2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും, ദീർഘകാല വിളകളായ അഗത്തി, മുരിങ്ങ, കറിവേപ്പ് എന്നിവയുടെ ഒരു ലക്ഷം തൈകളും പൂർണ്ണമായും സൗജന്യമായി വിതരണം നടത്തുന്നു. ഇതു കൂടാതെ ഓരോ വീട്ടുവളപ്പിലും പോഷകത്തോട്ടം നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തൊട്ടാകെ ഒരു ലക്ഷം പോഷകത്തോട്ടങ്ങൾ നിർമ്മിക്കുന്നതിനും പദ്ധതിയിലൂടെ

ലക്ഷ്യമിടുന്നു. സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത കർഷകർക്ക് മട്ടുപ്പാവ് കൃഷിയ്ക്കായി 8000 യൂണിറ്റ് മൺചട്ടി/HDPE ചട്ടികളിൽ 25 വിവിധ ഇനം പച്ചക്കറി തൈകൾ നട്ടുപിടിപ്പിച്ച് നൽകുന്ന പദ്ധതിയും നടപ്പിലാക്കും. സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറൊന്നിന് ഒരു ലക്ഷം രൂപ ധനസഹായത്തിൽ 100 ഹെക്ടർ സ്ഥലത്ത് കൃത്യതാ കൃഷി നടപ്പിലാക്കുന്നു. ഇതു കൂടാതെ കുറഞ്ഞത് 3 മുതൽ 5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ക്ലസ്റ്റർ ഘടകത്തിൽ ഉൾപ്പെടുത്തി 1.25 ലക്ഷം രൂപ നിരക്കിൽ 800 ക്ലസ്റ്ററുകൾക്ക് ധനസഹായം നൽകുന്നു. ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും, പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപയും ധനസഹായം നൽകി വരുന്നു. ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/- രൂപയും പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/- രൂപ ധനസഹായം നൽകുന്നു.

# പരിസ്ഥിതി ബോധമുള്ള സമൂഹമായി മാറണം: മന്ത്രി ശ്രീ. പി. പ്രസാദ്

# പ്രകൃതി പാഠം പദ്ധതിക്ക് തുടക്കമായി




പാരിസ്ഥിതിയെക്കുറിച്ചുള്ള അടിസ്ഥാനപാഠങ്ങൾ പഠിക്കുന്നതിലൂടെ മാത്രമേ നമുക്ക് മെച്ചപ്പെട്ട സമൂഹമായി മാറാൻ കഴിയുകയുള്ളുവെന്ന് കൃഷി മന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. പ്രകൃതി പാഠം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നിർവഹിക്കുയായിരുന്നു മന്ത്രി. പരിസ്ഥിതി പ്രശ്നം എന്നത് ജീവിത പ്രശ്നം തന്നെയാണ്. അത്കൊണ്ട് തന്നെ പരിസ്ഥിതി ദിനാചരണം എന്നത് ഒരു ദിവസത്തിലേക്ക് ഒതുങ്ങാതെ ശ്രദ്ധിക്കണം. മണ്ണ് രൂപപ്പെടാനുള്ള കാലയളവും പ്രകൃതിയിലെ പ്രക്രിയകളും അറിയുമ്പോൾ അതിന്റെ ഗൗരവം മനസ്സിലാകും. ഗവൺമെന്റിന്റെ തീരുമാനത്തിൽ ഒരു പുഴ സൃഷ്ടിക്കാൻ കഴിയില്ല എന്നതും ഒരു തിരിച്ചറിവാണ്. തലച്ചോറിലും രക്തത്തിലും വരെ പ്ലാസ്റ്റിക്കിന്റെ അംശം കണ്ടെത്തുന്ന വാർത്തകൾ ഇന്ന് നമുക്ക് മുന്നിലുണ്ട്. സമുദ്രങ്ങൾ ഉൾപ്പെടെയുള്ള ജലാശയങ്ങൾ മാലിന്യം നിക്ഷേപിക്കുന്ന കുപ്പത്തൊട്ടിയായി മാറ്റുന്ന പ്രവണത ഇല്ലാതാക്കണം. അറബിക്കടലിൽ കഴിഞ്ഞ ദിവസം തകർന്ന കപ്പലിൽ നിന്നും പ്ലാസ്റ്റിക് ഗ്രാന്യൂളുകൾ തീരത്തടിയുന്നത് നമ്മൾ കണ്ടു. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ പുതിയ സങ്കേതങ്ങൾക്ക് പ്രകൃതിയുടെ സ്വാഭാവിക പ്രക്രിയയെ നിയന്ത്രിക്കാൻ കഴിയില്ല എന്നത് നാം തിരിച്ചറിയുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ കാലത്ത് സ്വാഭാവിക പ്രകൃതിയുടെ നിലനിൽപ്പിനായി സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രകൃതിപാഠം പദ്ധതി മാതൃകാപരമാണെന്നും മന്ത്രി പറഞ്ഞു. വി കെ പ്രശാന്ത് എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഐ എം ജി ഡയറക്ടർ ഡോ. കെ ജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. ഭൂവിനിയോഗ കമ്മീഷണർ യാസ്മിൻ എൽ റഷീദ് സ്വാഗതവും കർഷകനായ ഹരികേ

ഷൻ നായർ ആശംസയും ലാൻഡ്യൂസ് ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ സജീവ് ആർ എസ് നന്ദിയും അറിയിച്ചു. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ അൻപതാം വാർഷികത്തിന്റെ ഭാഗമായി വകുപ്പുകൾക്കും പൊതുജനങ്ങൾക്കും ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്ന പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായാണ് സംസ്ഥാനത്തെ കർഷകർക്കായി പ്രകൃതി പാഠം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പദ്ധതിയുടെ ഭാഗമായി കർഷകരും ശാസ്ത്രജ്ഞരും




സന്നദ്ധപ്രവർത്തകരും ഒരുമിക്കുന്ന ആശയവിനിമയ സദസ്സ് ഉടൻ തന്നെ സംഘടിപ്പിക്കും അധികൃതർ അറിയിച്ചു.

# പരിസ്ഥിതി ശാസ്ത്ര കോളേജിലെ വിദ്യാർത്ഥികൾ ബീച്ച് ക്ലീനിംഗ് പരിപാടി സംഘടിപ്പിച്ചു

അന്താരാഷ്ട്ര സമുദ്ര ദിനമായ വേൾഡ് ഒഷ്യൻ ഡേ ആഘോഷങ്ങളുടെ ഭാഗമായി, ജൂൺ 9, 2025-ന് തളിക്കുളം പഞ്ചായത്തിലെ തമ്പാൻകടവ് ബീച്ചിൽ തൃശ്ശൂർ കേരള കാർഷിക സർവകലാശാലയിലെ കാലാവസ്ഥാവ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജിലെ വിദ്യാർത്ഥികൾ ബീച്ച് ക്ലീനിംഗ് പരിപാടി സംഘടിപ്പിച്ചു. കാലാവസ്ഥാവ്യതിയാനവും പരിസ്ഥിതി സംരക്ഷണവും പ്രാധാന്യമാർന്ന വിഷയങ്ങളായി ഉയരുന്ന ഈ കാലഘട്ടത്തിൽ, സമുദ്രങ്ങളും തീരദേശങ്ങളും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ് എന്ന സന്ദേശം പൊതുസമൂഹത്തിൽ വളർത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

ഉച്ചക്ക് 3 മണിയോടെ ആരംഭിച്ച പരിപാടിയിൽ, വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് തീരത്തോട് ചേർന്ന് കിടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കൾ ശേഖരിച്ചു. ഏകദേശം 200 കിലോഗ്രാമോളം ഭാരം വരുന്ന വസ്തുക്കൾ (പ്ലാസ്റ്റിക് ബോട്ടിലുകൾ, ചില്ലു കുപ്പികൾ, കുപ്പിച്ചില്ലുകൾ, മൽസ്യബന്ധന വലയുടെ ഭാഗങ്ങൾ, തുണിത്തരങ്ങൾ, ഡയപ്പറുകൾ തുടങ്ങിയ വസ്തുക്കൾ) ഇരുപത്തിയഞ്ചോളം തരംതിരിച്ച ചാക്കുകളിൽ തളിക്കുളം പഞ്ചായത്തിലെ ഹരിതകർമസേനക്ക് കൈമാറുകയും ചെയ്തു.

പരിസ്ഥിതി സംരക്ഷണത്തിൽ ജനസമൂഹത്തിന്റെ പങ്കാളിത്തം നിർണ്ണായകമാണെന്ന ഉദ്ദേശ്യത്തോടെ, തളിക്കുളം ഗ്രാമപഞ്ചായത്തും കാലാവസ്ഥാവ്യതിയാന പരിസ്ഥിതി ശാസ്ത്ര കോളേജും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.



# പെരുമ്പളത്തിന് കേരഗ്രാമം അനുവദിക്കും: കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്



പാതെങ്ങ് കൃഷിയെ പരിപോഷിപ്പിക്കുന്നതിനുപെരുമ്പളം ഗ്രാമപഞ്ചായത്തിന് കേരഗ്രാമം പദ്ധതി അനുവദിച്ചതായി കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് പറഞ്ഞു. പെരുമ്പളം കൃഷിഭവന്റെ ഭാഗമായി ആരംഭിച്ച വിള ആരോഗ്യകേന്ദ്രത്തിന്റെയും, നവീകരിച്ച കൃഷിഭവന്റെയും, കാർഷിക കർമ്മ സേനയുടെയും ഓഫീസ് ഉദ്ഘാടനം സംസാരിക്കുകയായിരുന്നു മന്ത്രി. പദ്ധതിയുടെ ഭാഗമായി ആവശ്യമായ പരിചരണം നൽകി നാളികേര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും അതിന്റെ ഭാഗമായി മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിക്കുവാനും കഴിയണം.

ഇത്തരത്തിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡിൽ വിപണനം നടത്തുന്നതിനാവശ്യമായ സഹായം നൽകുമെന്നും മന്ത്രി പറഞ്ഞു. പദ്ധതിയുടെ തുടർച്ചയായി പെരുമ്പളത്തിന്റെ പേരിൽ വെളിച്ചെണ്ണ വിപണിയിൽ ഇറക്കാൻ സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യ സുരക്ഷയുടെ കാര്യത്തിൽ ഭക്ഷണത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. ഇന്നുണ്ടാകുന്ന പല അസുഖങ്ങൾക്കും കാരണം ജീവിത ശൈലിയിൽ ഉണ്ടായ മാറ്റവും മായം കലർന്ന ഭക്ഷണവുമാണെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. സുരക്ഷിതമായ ഭക്ഷണശീലം വളർത്തുവാൻ വാർഡ്തലങ്ങളിൽ ഫുഡ് ക്ലബ്ബുകൾ രൂപീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി വി ആശ അധ്യക്ഷത വഹിച്ച യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി ആർ രജിത മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രസിഡന്റ് എം എൻ ജയകരൻ, ജില്ലാ പഞ്ചായത്ത് അംഗം ബിനിതാ പ്രമോദ്, ജില്ലാ കൃഷി ഓഫീസർ അമ്പിളി സി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാരായ ശ്രീമോൾ ഷാജി, സരിത സുജി, കുഞ്ഞൻ തമ്പി, ബ്ലോക്ക് പഞ്ചായത്ത് അംഗം ശോഭനകുമാരി, കൃഷി അസിസ്റ്റന്റ് ഡയറക്ടർ റെജി ജി വി, കൃഷി ഓഫീസർ വർഷ ബാബു, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

വിവിധ വിള പരിപാലനം എന്ന വിഷയത്തിൽ റിട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ ബിജുമോൻ സക്കറിയ ക്ലാസ്സെടുത്തു.







മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച കാർഷിക പ്രദർശന വിപണന മേള കാർഷികോത്സവ് 2025 ന്റെ ഭാഗമായി നടത്തിയ കർഷക അവാർഡ് വിതരണ ചടങ്ങിന്റെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി പി പ്രസാദ് നിർവ്വഹിച്ചു




രണ്ടാം പിണറായി സർക്കാരിന്റെ നാലാം വാർഷികാഘോഷ പരിപാടിയായ എന്റെ കേരളം പ്രദർശന വിപണനമേളയുടെ ഭാഗമായി ജില്ലാ കൃഷിവകുപ്പ് സംഘടിപ്പിച്ച കാർഷിക സെമിനാറിന്റെ ഉദ്ഘാടനം സബ് കളക്ടർ കെ.മീര ഐ എ ഐസ് നിർവ്വഹിച്ചു

# നാസയുടെ ആക്സിയം മിഷൻ 4–ൽ കേരളത്തിന്റെ കാർഷിക സർവകലാശാലയും പങ്കുചേരുന്നു

നാസയുടെ ആക്സിയം മിഷൻ 4-ൽ കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിന്റെ ഗവേഷണ പദ്ധതിയും ഉൾപ്പെടുന്നു. യൂറോപ്യൻ സ്പേസ് ഏജൻസിയും (ESA) ISRO യും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് & ടെക്നോളജിയും (IIST) കേരള കാർഷിക സർവകലാശാലയും (KAU) ചേർന്ന് നടത്തുന്ന ഗവേഷണ പരിപാടിയിൽ കേരളത്തിൻറെ തനതായ വിത്തിനങ്ങൾ ഇന്റർനാഷണൽ സ്പേസ് സ്റ്റേഷനിൽ (ISS) എത്തിക്കും. കേരള കാർഷിക സർവകലാശാലയിൽ നിന്നുള്ള അത്യുത്പാദന ശേഷിയുള്ള ആറ് വിത്തിനങ്ങളായ ജ്യോതി, ഉമ (നെല്ല്), കനകമണി (കുറ്റിപ്പയർ), തിലകതാര (എള്ള്), സൂര്യ (വഴുതന), വെള്ളായണി വിജയ് (തക്കാളി) എന്നിവയാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തിക്കുന്നത്.

ബഹിരാകാശത്തുണ്ടാകുന്ന മാറ്റങ്ങൾ ഭക്ഷ്യവിള വിത്തുകളെ എങ്ങനെ ബാധിക്കുന്നു എന്ന് പഠിക്കുകയാണ് പ്രധാന ലക്ഷ്യം. ബഹിരാകാശയാത്രക്കുശേഷം ഈ വിത്തുകൾ തിരികെ ഭൂമിയിലേക്കു കൊണ്ടുവന്ന് പാകുകയും അതിൽ നിന്നുള്ള വളർച്ചയും, കിളിർപ്പും, വിളവും പരിശോധിക്കുകയും, നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യും. ഇന്ത്യൻ ബഹിരാകാശയാത്രികനായ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ല ഗവേഷണവുമായി സഹകരിക്കും. ഇന്ത്യയിൽ നിന്നുള്ള ആറ് ഗവേഷണങ്ങളിലൊന്ന് KAU-ന്റെ 'മൈക്രോ ഗ്രാവിറ്റി' ഗവേഷണമാണ്.

# പ്രൊഫസ്സർ മണിലാൽ ഓർമ തുരുത്ത് ഒരുക്കി കാർഷിക സർവ്വകലാശാല

കേരള കാർഷിക സർവ്വകലാശാലയുടെ മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിൽ കശുമാവിന്റെ ജനിതക ശേഖരം വിപുലീകരിച്ച് പ്രൊഫസ്സർ മണിലാൽ ഓർമ തുരുത്ത് ഒരുങ്ങുന്നു.

നിലവിൽ നൂറ്റിയമ്പതോളം വ്യത്യസ്ത കശുമാവിനങ്ങൾ മാടക്കത്തറ ഗവേഷണകേന്ദ്രത്തിൽ സംരക്ഷിക്കുന്നു. ബ്രസിൽ, പനാമ, ടാൻസാനിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള കശുമാവിനങ്ങൾ കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ ഇവിടെ നട്ടിരുന്നു. ഇതിന്റെ കൂടെ കശുമാവിന്റെ കുടുംബത്തിൽപ്പെട്ട സഹോദരീവൃക്ഷങ്ങൾ ഉൾപ്പെടുത്തി പ്രൊഫസ്സർ മണിലാൽ ഓർമ തുരുത്ത് എന്ന തോട്ടത്തിന്റെ നടീൽ ജൂൺ 10 ന് പ്രൊഫസ്സർ മണിലാലിന്റെ പത്നി ജ്യോത്സ്ന മണിലാൽ ഉദ്ഘാടനം ചെയ്തു. കാർഷിക സർവ്വകലാശാല ഗവേഷണവിഭാഗം മേധാവി ഡോ.കെ.എൻ അനിത് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. വിജ്ഞാനവ്യാപന വിഭാഗം അസോസിയേറ്റ് ഡയറക്ടർ ഡോ. ശ്രീവൽസൻ ജെ. മേനോൻ, കശുമാവ് ഗവേഷണകേന്ദ്രം മേധാവി ഡോ. ജലജ. എസ്. മേനോൻ, ഡോ. ആശീഷ് ഐ. എടക്കളത്തൂർ, ഡോ. സീന ആർ. സുഭഗൻ തുടങ്ങിയവർ സന്നിഹിതരായിരുന്നു. കശുമാവിന്റെ ദ്വിതീയ ജനിതക ശേഖരത്തിൽ ഉൾപ്പെട്ടതും വംശനാശഭീഷണി നേരിടുന്നതുമായ മലമാവ്, ചെങ്കുറിഞ്ഞി, തുടങ്ങി അപൂർവ്വ ഇനം ചെടികളും തോട്ടത്തിലു്. അത്യുൽപ്പാദന ശേഷിയും ഉയർന്ന പ്രതിരോധ ശേഷിയുമുള്ള കശുമാവിനങ്ങൾ ഉൽപ്പാദിപ്പിക്കാൻ ജനിതക ശേഖരത്തിന്റെ വൈവിദ്ധ്യവൽക്കരണം സഹായകരമാകും. പ്രൊഫസ്സർ മണിലാൽ എഴുതി ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച 'ഹോർത്തൂസ് മലബാറിക്കസും ഇന്ത്യയുടെ സാമൂഹിക സാംസ്ക്കാരിക പൈതൃകവും' എന്ന ഗ്രന്ഥം ചടങ്ങിൽ ജ്യോത്സ്ന മണിലാൽ കാർഷിക സർവ്വകലാശാല ലൈബ്രേറിയൻ ശ്രീ. ശ്രീകുമാരൻ എസ്സിന കൈമാറി.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sindu K.S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Harriet Ivan., Design & Layout : Maya Santhosh